**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 224

07.12.2018 ലെ മറുപടിയ്ക്ക്.

## പട്ടികജാതി പട്ടികവർഗ്ഗ ഹോസ്റ്റലുകളുടെ പ്രവർത്തനം

| ചോദ്യം<br>ശ്രീ.മുഹമ്മദ് മുഹസിൻ.പി.,<br>ശ്രീ.സി. ദിവാകരൻ,<br>ശ്രീ. ഇ.കെ. വിജയൻ,<br>ശ്രീ. വി.ആർ. സുനിൽ കുമാർ | | ഉത്തരം<br>എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | പല ജില്ലകളിലെയും ഭൂരിഭാഗം പട്ടികജാതി പട്ടികവർഗ്ഗ ഹോസ്റ്റലുകളുടെയും വാട്ടർടാങ്ക്, ബാത്ത് റൂം എന്നിവ വൃത്തിഹീനമായ അന്തരീക്ഷത്തിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | സംസ്ഥാനത്തുടനീളമുള്ള പട്ടികജാതി/ പട്ടികവർഗ്ഗ ഹോസ്റ്റലുകളിൽ സ്റ്റോക്ക് രജിസ്റ്റർ, വിതരണ രജിസ്റ്റർ, ക്യാഷ് ബുക്ക് മുതലായ രേഖകൾ കൃത്യമായി പരിപാലിക്കാത്തത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (ബി) | പട്ടികജാതി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | വിദ്യാർത്ഥികൾക്ക് പ്രതിമാസം നല്കുന്ന പോക്കറ്റ് മണി വെട്ടിപ്പ് നടത്തുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | പട്ടികജാതി/പട്ടികവർഗ്ഗ ഹോസ്റ്റലുകളുടെ പ്രവർത്തനം കാര്യക്ഷമമാണെന്ന് ഉറപ്പുവരുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ അറിയിക്കുമോ? | (ഡി) | പട്ടികജാതി വകുപ്പിനുകീഴിലെ ഹോസ്റ്റലുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് സ്ഥലം എം.എൽ.എ രക്ഷാധികാരിയായി ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതി യഥാസമയം ചേർന്ന് ഹോസ്റ്റൽ പ്രവർത്തനം വിലയിരുത്താറുണ്ട്. ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ, പട്ടികജാതി വികസന ഓഫീസർമാർ എന്നിവരുടെ ആഭിമുഖ്യത്തിൽ നിശ്ചിത ഇടവേളകളിൽ ഹോസ്റ്റൽ സന്ദർശനം നടത്തുകയും പ്രവർത്തനം വിലയിരുത്തി മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്ക് ആവശ്യമായ |

| | | | |
|---|---|---|---|
| | | | നടപടികൾ സ്വീകരിച്ചു വരുന്നുമുണ്ട്.കൂടാതെ വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർമാർ ഹോസ്റ്റൽ സന്ദർശനം നടത്തുകയും സ്ഥിതിഗതികൾ വിലയിരുത്തി സുഗമമായ പ്രവർത്തനങ്ങൾക്കാവശ്യമായ നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുകയും ചെയ്യുന്നുണ്ട്.<br>പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള ഹോസ്റ്റലുകൾ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്. ബന്ധപ്പെട്ട ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ ഹോസ്റ്റലുകൾ സന്ദർശിച്ച് സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ട്. അതോടൊപ്പം ഹോസ്റ്റലുകളിൽ സ്റ്റാഫ് മീറ്റിംഗ്, പി.ടി.എ. മീറ്റിംഗ് എന്നിവ വിളിച്ചു ചേർത്ത് ഹോസ്റ്റൽ ജീവനക്കാരുടേയും അന്തേവാസികളുടേയും അഭിപ്രായങ്ങൾ അറിഞ്ഞ് പ്രശ്നങ്ങൾ പരിഹരിക്കാറുണ്ട്. കൂടാതെ ജില്ലാ ഓഫീസർമാർ എല്ലാ മാസവും ഹോസ്റ്റലുകൾ സന്ദർശിച്ച് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി വരുന്നു. ജനപ്രതിനിധികൾ ഉൾപ്പെട്ട ഹോസ്റ്റൽ ഉപദേശക സമിതി ചേർന്ന് ഹോസ്റ്റലുകളുടെ പ്രവർത്തനം വിലയിരുത്തി സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ നിർദ്ദേശങ്ങളും നൽകിവരുന്നു. |

**സെക്ഷൻ ഓഫീസർ**